"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വിഷൻ 2031- പാലക്കാട് ജില്ലയിൽ വെച്ച് സംഘടിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല സെമിനാർ - ധനസമാഹരണം, വേദി, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ, പങ്കെടുക്കുന്നവരുടെ യാത്രാ ചെലവ് എന്നിവ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ- അംഗീകരിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.2488/2025/LSGD തീയതി,തിരുവനന്തപുരം, 13-10-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.6/2025/ഐ&പിആർഡി തീയതി 29.08.2025
2. സ.ഉ.(സാധാ) നം.1407/2025/തസ്വഭവ തീയതി 06.06.2025
3. സി ഡിറ്റ് രജിസ്ട്രാറുടെ 03.10.2025 ലെ VCD/C-DIT/2024 നമ്പർ ശിപാർശ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.10.2025 ലെ LSGD/PD/30449/2025-DEB1 നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.10.2025 ലെ LSGD/PD/27205-SPL4-Part(1) നമ്പർ കത്ത്

**ഉത്തരവ്**

2031 ൽ കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 75 വർഷം പൂർത്തിയാകുന്നതിനാൽ കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ വിലയിരുത്തുന്നതിനും ഭാവിവികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, 2031 ൽ കേരളം എങ്ങനെയായിരിക്കണം എന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിന് **"വിഷൻ 2031"** എന്ന പേരിൽ സംസ്ഥാനത്താകെ 33 വിഷയാധിഷ്ഠിത സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും, ടി സെമിനാറുകളിൽ നിന്നും ലഭിക്കുന്ന വകുപ്പുതല കാഴ്ചപ്പാടുകൾ ക്രോഡീകരിച്ച് ജനുവരിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിപുലമായ കോൺക്ലേവ് സംഘടിപ്പിക്കുന്നതിനും പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ ഭാഗമായി **തദ്ദേശ സ്വയംഭരണം** എന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലയിൽ വെച്ച് ഒക്ടോബർ 13 ന് സംസ്ഥാനതല സെമിനാർ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. പ്രസ്തുത സെമിനാറിന്റെ നടത്തിപ്പിനായുള്ള 30 ലക്ഷത്തോളം രൂപയുടെ ധനസമാഹരണവും ചെലവഴിക്കുന്നതിനുള്ള അനുമതി സംബന്ധിച്ചും, സെമിനാറിനുള്ള വേദി ഒരുക്കുന്നതിനായി സി-ഡിറ്റ് ൽ നിന്നും ലഭ്യമായിട്ടുള്ള പരാമർശം(3) പ്രകാരമുള്ള പ്രൊപോസലിന്റെ അടിസ്ഥാനത്തിൽ വേദി ഒരുക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സി-ഡിറ്റ് ന് അനുമതി നൽകുന്നത് സംബന്ധിച്ചും പരാമർശം(4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരിക്കുന്നു.

3. പ്രസ്തുത സെമിനാറിൽ പങ്കെടുക്കുന്നവർക്ക് യാത്രാനുമതി നൽകുന്നതിനും ഇതുമായി ബന്ധപ്പെട്ട ചെലവിനങ്ങൾ അതത് തദ്ദേശ സ്ഥാപനങ്ങളിലെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നത് സംബന്ധിച്ചും പരാമർശം(5) പ്രകാരവും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

4.പരാമർശം (4) ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പ്രകാരം വിഷൻ 2031 ന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ വെച്ച് സംഘടിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല സെമിനാറിന്റെ നടത്തിപ്പിനായുള്ള ചെലവ് ചുവടെ ചേർത്ത പ്രകാരമാണ് കണക്കാക്കിയിരിക്കുന്നത്.

| Sl. No. | Description | Amount (in Rs) |
|---|---|---|
| 1. | Venue Rent | 165000.00 |
| 2. | Venue Arrangements | 1200000.00 |
| 3. | Food | 315000.00 |
| 4. | Publicity | 150000.00 |
| 5. | Accommodation | 670000.00 |
| 6. | Travel | 200000.00 |
| 7. | Registration | 200000.00 |
| 8. | Miscellaneous | 100000.00 |
| | **Total** | **30,000,00.00** |

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിഷൻ 2031 ന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ വെച്ച് ഒക്ടോബർ 13 ന് സംഘടിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല സെമിനാറിന്റെ നടത്തിപ്പിന് പരാമർശം(2) ഉത്തരവ് പ്രകാരം, ഭരണാനുമതി നൽകിയിട്ടുള്ള Modernisation and Strengthening of e-Governance initiatives in Principal Directorate എന്ന തുടർപദ്ധതിയിലെ The

expenditure for plan monitoring, developing the plans, exposure visit,conducting workshops,meetings and for purchasing reference books, e-books and journals എന്ന ഹെഡിൽ നിന്നും 11,000,00/- രൂപയും, തദ്ദേശ ദിനാഘോഷത്തിന്റെ ചെലവുകൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്നും 6,000,00/- രൂപയും, ചുവടെ ചേർത്ത 12 ഏജൻസികളിൽ നിന്നായി 13,75,000/- രൂപയും സമാഹരിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകുന്നു.

| Sl. No. | Name of Agency | Amount (in Rs.) |
|---|---|---|
| 1. | Suchitwa Mission | 300000.00 |
| 2. | Kudumbashree | 300000.00 |
| 3. | Smartcity Trivandrum | 50000.00 |
| 4. | Smartcity Kochi | 50000.00 |
| 5. | AMRUT | 50000.00 |
| 6. | IKM | 100000.00 |
| 7. | KSWMP | 100000.00 |
| 8. | Social Audit Society | 25000.00 |
| 9. | MGNREGS | 100000.00 |
| 10. | KILA | 200000.00 |
| 11. | IMPACT Kerala | 50000.00 |
| 12. | Clean Kerala Company Ltd. | 50000.00 |
| | **Total** | **₹ 13,75,000.00** |

6. വിഷൻ 2031 ന്റെ നടത്തിപ്പിനായുള്ള തുക തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള അക്കൗണ്ടിൽ സമാഹരിക്കേണ്ടതാണ്.

Name of Bank: Indian Bank

Name of Account Holder : Joint Director of LSGD

Account Number: 7631790499

IFSC: IDIB000P010

Branch: Palakkad, Palat Junction

7. സെമിനാറിനുള്ള വേദി ഒരുക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം(4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ള പരാമർശം(3) പ്രകാരമുള്ള സി-ഡിറ്റ് ന്റെ പ്രപ്പോസലിന്റെ

അടിസ്ഥാനത്തിൽ വേദി ഒരുക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സി-ഡിറ്റ്ന് അനുമതി നൽകുന്നു.

8. സെമിനാറിൽ പങ്കെടുക്കുന്ന തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോർപ്പറേഷൻ മേയർമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, മറ്റ് അംഗങ്ങൾ എന്നിവർക്ക് യാത്രാനുമതി നൽകിയും ആയതിന് ആവശ്യമായി വരുന്ന ചെലവ് അതത് തദ്ദേശ സ്ഥാപനങ്ങളിലെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാ കളക്ടർ, പാലക്കാട്

പ്രോജക്ട് ഡയറക്ടർ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെൻറ് പ്രോജക്ട്

മിഷൻ ഡയറക്ടർ, സ്റ്റേറ്റ് മിഷൻ മാനേജ്മെൻറ് യൂണിറ്റ് - അമൃത്

എക്സിക്യൂട്ടീവ് ഡയറകടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ മിഷൻ

മിഷൻ ഡയറക്ടർ, എം.ജി.എൻ. ആർ.ഇ.ജി.എസ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ ജനറൽ, കില

മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

ഡയറക്ടർ, ഇംപാക്ട് കേരള ലിമിറ്റഡ്

ചെയർമാൻ, കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സമാർട്ട് സിറ്റി തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്

പ്രസിഡന്റ്/ ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്/ ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ

ചെയർപേഴ്സൺ/ സെക്രട്ടറി, കേരള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ

ചെയർമാൻ/ സെക്രട്ടറി, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള

തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Manju L S
Date: 13-10-2025 14:34:44